**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5017** **20-03-2025 - ൽ മറുപടിയ്ക്ക്**

**കിലെയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ എംപ്ലോയ്മെന്റിന്റെ (കിലെ) ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിന്റെ തൊഴിൽ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ലേബർ, എംപ്ലോയ്മെന്റ് അനുബന്ധ വിഷയങ്ങളിൽ വിദ്യാഭ്യാസം, പരിശീലനം, പഠനം, ഗവേഷണം/പ്രസിദ്ധീകരണങ്ങൾ നടത്തുക എന്നതാണ് കിലെയുടെ പ്രധാന പ്രവർത്തനലക്ഷ്യങ്ങൾ. സംസ്ഥാനത്തെ സംഘടിത അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വ്യക്തിത്വ വികസനം, തൊഴിൽ നിയമങ്ങൾ, തൊഴിലിടങ്ങളിലെ അവകാശങ്ങൾ എന്നിവയുടെ ബോധവൽക്കരണം, സാമൂഹിക പ്രതിബദ്ധതയുള്ള ഒരു ഉന്നത തൊഴിൽ സംസ്കാരം രൂപപ്പെടുത്തുക എന്നിവയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (കിലെ) ഉദ്ദേശ ലക്ഷ്യങ്ങളാണ്. കൂടാതെ തൊഴിലാളികളുടെ മക്കൾക്കും, ആശ്രിതർക്കും കുറഞ്ഞ ചെലവിൽ സിവിൽ സർവീസ് നേടുക എന്ന ലക്ഷ്യത്തോടെ അക്കാഡമിക് വിഭാഗത്തിൽ "കിലെ – ഐ.എ.എസ്" അക്കാഡമി പ്രവർത്തിക്കുന്നു. ഇപ്രകാരം തൊഴിലാളി സമൂഹം പാർശ്വവൽക്കരിക്കപ്പെടാതെ അവരേയും, കുടുംബത്തേയും, സമൂഹത്തിന്റെ മുഖ്യധാരയിൽ സജീവമായി നിലനിർത്തുന്നതും കിലെയുടെ പ്രവർത്തന ലക്ഷ്യമാണ്. |
| (ബി) | തൊഴിൽ നയ നിർമ്മാണത്തിന്റെയും ഗവേഷണത്തിന്റെയും രംഗത്ത് കിലെയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (ബി) | കഴിഞ്ഞ 9 വർഷക്കാലയളവിൽ സർക്കാരിന്റെ ലേബർ പോളിസി, കരിയർ പോളിസി, പ്ലാന്റേഷൻ പോളിസി എന്നിവയുടെ കരട് തയ്യാറാക്കുന്നതിനുള്ള ശിൽപശാലകൾ കിലെ സംഘടിപ്പിക്കുകയുണ്ടായി. ഈ കാലയളവിൽ 23 ഗവേഷണ പഠനങ്ങൾ കിലെ നടത്തിയിട്ടുണ്ട്.ഇവയിൽ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ സംബന്ധിച്ച പഠനം, കേരളത്തിലെ ഗിഗ് പ്ലാറ്റ് ഫോം വർക്കേഴ്സ് നേരിടുന്ന വെല്ലുവിളികൾ, ജീവിത സാഹചര്യങ്ങൾ സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | പഠനം എന്നിവ എടുത്ത് പറയേണ്ടതാണ്. കൂടാതെ കിലെ നടത്തുന്ന ഗവേഷണ പഠനങ്ങൾ സർക്കാരിനും, പ്ലാനിംഗ് ബോർഡിനും സമർപ്പിക്കുന്നതിലൂടെ സർക്കാരിന് ബന്ധപ്പെട്ട വിഷയങ്ങളിലെ നയ രൂപീകരണത്തിന് സഹായകരമാകുന്നു. |
| (സി) | തൊഴിൽ പരിശീലന പരിപാടികളിൽ എന്തെല്ലാം സംഭാവനകളാണ് സമീപകാലത്ത് കിലെ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | കഴിഞ്ഞ 9 വർഷക്കാലയളവിൽ കിലെ 409 പരിശീലന പരിപാടികൾ/ശില്പശാലകൾ സംഘടിപ്പിക്കുകയും അതിലൂടെ 25,319 തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തൊഴിൽ വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിലും കിലെയുടെ പങ്ക് വ്യക്തമാക്കാമോ; | (ഡി) | തൊഴിൽ അനുബന്ധ വിഷയങ്ങളിലും, വിവിധ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടും കിലെ നടത്തുന്ന ഗവേഷണ പഠനങ്ങൾ സർക്കാരിനും, പ്ലാനിംഗ് ബോർഡിനും ഉൾപ്പെടെ സമർപ്പിക്കുന്നതിലൂടെ തൊഴിൽ വകുപ്പിന്റെ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിന് സഹായകരമാകുന്നു. കൂടാതെ കിലെ നടത്തുന്ന ശില്പശാലകളും, സെമിനാറുകളും, പുതിയ പദ്ധതി ആവിഷ്കാരത്തിന് ഉതകുന്നതാണ്. |
| (ഇ) | സംഘടിത-അസംഘടിത മേഖലകളിലെ തൊഴിൽ സുരക്ഷയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളിലാണ് കിലെ മാർഗ്ഗനിർദ്ദേശം നൽകുന്നതെന്ന് വിശദമാക്കാമോ? | (ഇ) | “തൊഴിൽ സുരക്ഷ” കിലെ തൊഴിലാളികൾക്കായി നടത്തുന്ന പരിശീലന പരിപാടികളിലെ ഒരു വിഷയമായി ഉൾപ്പെടുത്തി വിവിധ മേഖലയിലെ തൊഴിലാളികൾക്ക് ക്ലാസ്സുകൾ എടുക്കുന്നു. കൂടാതെ സംഘടിത, അസംഘടിത മേഖലയിലെ ‘ഹസാർഡസ് വേസ്റ്റ് മാനേജ്മെന്റ്’ നടത്തുന്ന തൊഴിലാളികൾക്ക് മാത്രമായി പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ